# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>സഹകരണ വകുപ്പിന് ആസ്ഥാനം</u>

519 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന് ആസ്ഥാനം നിർമ്മിക്കുവാൻ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; അതിനായി തുക വകയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിന് സഹകാരികളിൽ നിന്നും സഹകരണ വകുപ്പ്/സ്ഥാപന ജീവനക്കാരിൽ നിന്നും നിർബന്ധിത പിരിവ് നടത്തുന്നുണ്ടോ; എങ്കിൽ ഈ ഇനത്തിൽ ഇതുവരെ എത്ര തുക പിരിഞ്ഞുകിട്ടി എന്നറിയിക്കുമോ?

# കേരള നിയമസഭ
# 11.12.2012-ലെ മറുപടിക്ക്

## ‘സീമാറ്റ്’ കേപ്പിന് കൈമാറുന്ന നടപടി

520

ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ കീഴിലുള്ള സീമാറ്റ് എന്ന സ്ഥാപനം കേപ്പിന് കൈമാറുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) കേപ്പിന് സ്വന്തം സ്ഥാപനങ്ങൾ തന്നെ നടത്താൻ കഴിയാതെ നഷ്ടത്തിൽ പ്രവർത്തിക്കുന്നതുകൊണ്ട് വർഷാവർഷം സർക്കാരിൽ നിന്നും ഗ്രാന്റ് കൊടുത്തിട്ടുണ്ടോ; എങ്കിൽ ഓരോ വർഷവും നൽകിയ ഗ്രാന്റിന്റെ വിശദമായ കണക്ക് ലഭ്യമാക്കുമോ;

(സി) എൻ.സി.ഡി.സി. സഹായത്തോടുകൂടി സംസ്ഥാന സഹകരണ ബാങ്ക് ട്രെയിനിംഗ് സെന്ററിന് വാങ്ങിയ സ്ഥലം, ഇപ്പോൾ ട്രെയിനിംഗ് കോളേജ് ആയി നബാർഡിന്റെ സഹായത്തോടുകൂടി നടത്തിക്കൊണ്ടിരിക്കുന്നത് കൈമാറ്റം ചെയ്യാൻ പാടില്ലായെന്ന് വ്യവസ്ഥയുണ്ടോ;

(ഡി) നിലവിലുള്ള നിയമമനുസരിച്ച് ഇത് കൈമാറ്റം ചെയ്യണമെങ്കിൽ ഇതിന്റെ അധികാരം ആർക്കാണ്; ഇതിന്റെ നടപടിക്രമം വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>സഹകരണ സ്ഥാപനങ്ങളിൽ സൂക്ഷിക്കപ്പെട്ടിട്ടുള്ള സ്വർണ്ണാഭരണങ്ങൾ</u>

521 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ ഈടായി പണയപ്പെടുത്തിയതും, ലോക്കറുകളിൽ സൂക്ഷിക്കപ്പെട്ടവയുമായ സ്വർണ്ണാഭരണങ്ങൾ മൊത്തം എത്ര വരുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവയുടെ സുരക്ഷിതത്വത്തിന് സഹകരണ സ്ഥാപനങ്ങൾ ഇന്ന് അനുവർത്തിച്ചുവരുന്ന നടപടികളും സംവിധാനങ്ങളും പര്യാപ്തമാണോ ;

(സി) ആവർത്തിച്ചുള്ള മോഷണങ്ങളും മുക്കുപണ്ടം വച്ചുള്ള സ്വർണ്ണക്കടത്തലുകളും റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ ഇവയുടെ സുരക്ഷിതത്വത്തിന് കൂടുതലായി എന്തെല്ലാം കരുതൽ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>സഹകരണ സ്ഥാപനങ്ങളിൽ നിക്ഷേപ സുരക്ഷാ പദ്ധതി</u>

522 ശ്രീ. ജോസഫ് വാഴക്കൻ
'' വർക്കല കഹാർ
'' ആർ. സെൽവരാജ്
'' ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിൽ നിക്ഷേപ സുരക്ഷാ പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; വ്യക്തമാക്കുമോ ;

(സി) നിക്ഷേപകർക്ക് എന്തെല്ലാം നിക്ഷേപ സുരക്ഷയാണ് ഈ പദ്ധതി വഴി ലഭിക്കുന്നത് ;

(ഡി) ഏതെല്ലാം തരം സഹകരണ സ്ഥാപനങ്ങളിലാണ് ഈ പദ്ധതി നടപ്പാക്കിവരുന്നത് ;

(ഇ) മാരകരോഗം മൂലം കഷ്ടപ്പെടുന്ന കുടുംബത്തെക്കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

സഹകരണ നിക്ഷേപ യജ്ഞം

523 ശ്രീ. റ്റി. എൻ. പ്രതാപൻ
,, എം. പി. വിൻസെന്റ്
,, പാലോട് രവി
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ നിക്ഷേപ യജ്ഞം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) സഹകരണ യജ്ഞത്തിൽ ഏതെല്ലാം ബാങ്കുകളേയും സഹകരണ സംഘങ്ങളേയും ഉൾപ്പെടുത്താനാണ് തീരുമാനമെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ആരുടെ നേതൃത്വത്തിലാണ് യജ്ഞം നടത്തുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതു വഴി എത്ര കോടി രൂപയുടെ അധിക നിക്ഷേപം സ്വരൂപിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിലെ സഹകരണ സംഘങ്ങൾ</u>

524 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ സഹകരണ വകുപ്പ് എത്ര സംഘങ്ങൾ പുതുതായി രജിസ്റ്റർ ചെയ്തുവെന്ന് വിശദമാക്കാമോ;

(ബി) രജിസ്റ്റർ ചെയ്ത ഓരോ സംഘത്തിന്റെയും പേര്, മേൽവിലാസം, തരം എന്നിവ വിശദമാക്കുമോ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>ആശ്വാസ് പദ്ധതിയിൽ സമാഹരിച്ച തുക</u>

525 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണവകുപ്പിന്റെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ തീർപ്പാക്കിയ വായ്പാ കുടിശ്ശികയുടെ കണക്കുകൾ വ്യക്തമാക്കുമോ ;

(ബി) കുടിശ്ശികയിനത്തിൽ കിട്ടിയ തുകയുടെ കണക്ക് വിശദമാക്കുമോ ?

## കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

സഹകരണ മേഖലയിലെ നിക്ഷേപം

526 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2006-മേയ് മാസത്തിൽ സഹകരണ മേഖലയിലെ അറ്റ നിക്ഷേപം, വായ്പ എന്നിവ എത്രയായിരുന്നു;

(ബി) 2011 മേയ് മാസത്തിൽ സഹകരണമേഖലയിലെ അറ്റനിക്ഷേപം വായ്പ എന്നിവ എത്രയായിരുന്നു;

(സി) 2011 നവംബറിൽ സഹകരണമേഖലയിലെ അറ്റനിക്ഷേപം, വായ്പ എന്നിവ എത്രയാണെന്ന് അറിയിക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണ മേഖലയിൽ എത്ര നിക്ഷേപ സമാഹരണ ക്യാമ്പയിൻ നടത്തി; ഓരോ ക്യാമ്പയിനിൽ നിന്നും എന്തു തുക അധിക നിക്ഷേപം സമാഹരിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>സഹകരണ റിസ്ക് ഫണ്ട്</u>

527 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനത്തിൽ നിന്നും വായ്പയെടുത്ത് റിസ്ക് ഫണ്ട് വിഹിതം അടച്ച വായ്പക്കാരന് പ്രായപരിധി പരിഗണിക്കാതെ റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) റിസ്ക് ഫണ്ട് പദ്ധതിയിൽ നിന്നും ആനുകൂല്യം ലഭിക്കുന്നതിനുള്ള പരിഷ്കരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>കണ്‍സ്യൂമര്‍ ഫെഡ് കര്‍മ്മ പദ്ധതി</u>

528 ശ്രീ. ജോസഫ് വാഴക്കന്‍
,, വര്‍ക്കല കഹാര്‍
,, വി. പി. സജീന്ദ്രന്‍
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും**
**മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പൊതുവിപണിയിലെ വില നിലവാരം നിയന്ത്രിക്കുന്നതിനും ഗുണമേന്മയുള്ള സാധനങ്ങള്‍ കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്യുന്നതിനും കണ്‍സ്യൂമര്‍ ഫെഡ് എന്തെല്ലാം കര്‍മ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ;

(ബി) ആയതിനായി പുതിയതായി എന്തെല്ലാം തരത്തിലുള്ള സ്റ്റോറുകളാണ് ആരംഭിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങള്‍ ലഭ്യമാക്കുമോ;

(സി) ഇവ തുടങ്ങുന്നതിനുള്ള പ്രവര്‍ത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>കൺസ്യൂമർ ഫെഡിലെ വില നിലവാരം</u>

529 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും**
**മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡിലെ 2012 നവംബർ മാസത്തെ അവശ്യസാധനങ്ങളുടെ വിലനിലവാരം എത്രയെന്ന് അറിയിക്കുമോ;

(ബി) 2011 ഏപ്രിൽ മാസത്തിൽ കൺസ്യൂമർ ഫെഡിലെ വില നിലവാരം എത്രയായിരുന്നുവെന്ന് അറിയിക്കുമോ;

(സി) കൺസ്യൂമർ ഫെഡിന്റെ കീഴിലുള്ള വിവിധ സ്റ്റോറുകളിൽ സാധനങ്ങൾ ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) ത്രിവേണി സ്റ്റോറുകൾവഴി വിതരണം നടത്തുന്ന സാധനങ്ങൾ ഗുണനിലവാരം കുറഞ്ഞവയാണെന്ന പരാതി ലഭിച്ചിട്ടുണ്ടോ; ഗുണമേന്മയുള്ള സാധനങ്ങൾ ത്രിവേണി സ്റ്റോറുകൾവഴി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>ചെറുവത്തൂരിൽ നീതി മെഡിക്കൽ സ്റ്റോർ</u>

530 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലാ മൊത്തവ്യാപാര സഹകരണ സംഘം ചെറുവത്തൂരിൽ ഒരു നീതി മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിനുള്ള അനുവാദത്തിനായി അപേക്ഷ നൽകിയിട്ടും സഹകരണ രജിസ്ട്രാർ ഈ സംഘത്തിന് ഇതുവരെയായും നീതി മെഡിക്കൽ സ്റ്റോർ അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>നാദാപുരം മണ്ഡലത്തിലെ നന്മ സ്റ്റോറുകൾ</u>

531

ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ നിലവിൽ എത്ര നന്മ സ്റ്റോറുകൾ അനുവദിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) നന്മ മൊബൈൽ യൂണിറ്റ് അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>പുതിയ ത്രിവേണി, നന്മ, നീതി സ്റ്റോറുകള്‍</u>

532 ശ്രീ. സി. ദിവാകരന്‍

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം സഹകരണ വകുപ്പിന് കീഴില്‍ എത്ര പുതിയ ത്രിവേണി സ്റ്റോറുകളും നന്മ, നീതി സ്റ്റോറുകളും ആരംഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

ഭക്ഷ്യസുരക്ഷാ പദ്ധതി

533 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സുരക്ഷാപദ്ധതിയുടെ ഭാഗമായി നെൽകർഷകർക്ക് പലിശ രഹിത വായ്പ നൽകുന്നതിനുള്ള പദ്ധതി നടത്തിപ്പിനായി നടപ്പു സാമ്പത്തിക വർഷം എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തുക കർഷകരുടെ കൈയിൽ എത്തിക്കുന്നതിന് എന്തു നടപടിയാണു സ്വീകരിച്ചതെന്നു വ്യക്തമാക്കുമോ .

(സി) പദ്ധതി നടപ്പിലാക്കുന്നതിനായി പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘം</u>

534 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെൽകൃഷിക്ക് വായ്പ നൽകുന്ന വിവിധ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് പ്രോത്സാഹന തുകയായി നടപ്പു സാമ്പത്തിക വർഷം എത്ര തുക നീക്കി വയ്ക്കുകയുണ്ടായെന്നു വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് ഇതു പ്രകാരം ആനുകൂല്യം നൽകിയെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>കാര്‍ഷിക വായ്പ</u>

535 ശ്രീ. കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാസര്‍ഗോഡ് ജില്ലയിലെ വിവിധ കാര്‍ഷിക വായ്പാ സംഘങ്ങള്‍ വഴി എത്ര കോടി രൂപയുടെ വായ്പകള്‍ കര്‍ഷകര്‍ക്ക് നല്‍കിയിട്ടുണ്ട്; കാര്‍ഷികേതര വായ്പയുമായി ബന്ധപ്പെടുത്തി എത്ര ശതമാനമാണ് ഓരോ ബാങ്കും കാര്‍ഷിക വായ്പ നല്‍കിയിട്ടുള്ളത് ;വ്യക്തമാക്കാമോ;

(ബി) വായ്പകളില്‍ സ്വര്‍ണ്ണപണയത്തിന്റെ ഈടില്ലാതെ എത്ര കോടി രൂപയുടെ വായ്പ അനുവദിച്ചിട്ടുണ്ടെന്ന് സംഘം തിരിച്ച് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>വായ്പാ സഹകരണ സംഘങ്ങളുടെ വിശദാംശം</u>

536 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും**
**മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളുടെ ആകെയുള്ള നിക്ഷേപത്തുക എത്രയാണെന്നും ലോൺ കൊടുത്തിട്ടുള്ള തുക എത്രയാണെന്നും വെളിപ്പെടുത്തുമോ;

(ബി) വായ്പ സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്ന നീതിസ്റ്റോർ, നീതി മെഡിക്കൽ സ്റ്റോർ, കൺസ്യൂമർ സ്റ്റോർ, വളം ഡിപ്പൊ തുടങ്ങിയ സ്ഥാപനങ്ങളുടെ ആകെ എണ്ണം എത്രവീതമാണെന്ന് വെളിപ്പെടുത്തുമോ;

(സി) വായ്പാ ഇതര സംരംഭങ്ങൾ പാടില്ലെന്ന സ്ഥിതി വന്നാൽ സംസ്ഥാനത്ത് സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന എത്ര വായ്പാ സഹകരണ സംഘങ്ങൾ അടച്ചുപൂട്ടേണ്ടി വരുമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

സഹകരണ ബാങ്കുകളിലെ അഡ്മിനിസ്ട്രേറ്റർ ഭരണം

537 ശ്രീ. ബാബു. എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം സംസ്ഥാനത്ത് എത്ര പ്രാഥമിക, അർബൻ, ജില്ലാ സഹകരണ ബാങ്കുകളിൽ അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തിയിട്ടുണ്ട് ;

(ബി) ഇവയിൽ യു.ഡി.എഫ്, എൽ.ഡി.എഫ് നേതൃത്വത്തിൽ ഭരണം നടത്തിയിരുന്ന ബോർഡുകൾ എത്രയെണ്ണം ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(സി) അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തിയ എത്ര സഹകരണ ബാങ്കുകളിൽ ഇലക്ഷൻ നടത്തി ഡയറക്ടർ ബോർഡ് പുന:സ്ഥാപിച്ചിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>സഹകരണമേഖലയിൽ പുതിയ നിയമങ്ങൾ</u>

538 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സഹകരണമേഖലയിൽ ഏതൊക്കെ പുതിയ നിയമങ്ങൾ കൊണ്ടുവന്നുവെന്ന വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ എത്ര സഹകരണ സ്ഥാപനങ്ങളുടെ ഭരണസമിതികളെ പിരിച്ചുവിട്ടു എന്ന വിവരം ലഭ്യമാക്കുമോ;

(സി) ഇവ പിരിച്ചുവിടാനുള്ള കാരണം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 11.12.2012-ലെ മറുപടിക്ക്

ചേര്‍ത്തല പള്ളിപ്പുറം റൂറല്‍ ഹൗസിംഗ് സൊസൈറ്റി

539

ശ്രീ. പി. തിലോത്തമന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ചേര്‍ത്തല പള്ളിപ്പുറം റൂറല്‍ ഹൗസിംഗ് സൊസൈറ്റി (ക്ലിപ്തം നമ്പര്‍. എ. 685) യില്‍ നിന്നും ഭൂമി ഈടുവച്ച് ഭവന നിര്‍മ്മാണ വായ്പയെടുത്തവര്‍ക്ക് തുകയും പലിശയും അടച്ച് വായ്പ ക്ലോസ് ചെയ്തിട്ടും പ്രമാണം തിരികെ ലഭിക്കാത്ത സാഹചര്യം നിലനില്‍ക്കുന്നു എന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് ചേര്‍ത്തല കൊക്കോതമംഗലം വില്ലേജില്‍ കൊച്ചുചിറയില്‍ അജിമോന്‍ നല്‍കിയിരുന്ന അപേക്ഷയിന്മേല്‍ എന്തു തീര്‍പ്പാണുണ്ടായത് എന്നു വ്യക്തമാക്കാമോ;

(ബി) 14 വര്‍ഷമായി യാതൊരു പ്രവര്‍ത്തനവുമില്ലാതെ കിടക്കുന്ന ഈ സൊസൈറ്റി പ്രമാണം പണയപ്പെടുത്തി വായ്പയെടുത്തവരില്‍ നിന്നും പലിശയും പിഴപലിശയും ഈടാക്കുന്നത് ന്യായമല്ലെന്ന് ബോധ്യപ്പെട്ട് ഇവിടെനിന്നും വായ്പയെടുത്തവരുടെ വായ്പ ക്ലോസ് ചെയ്യാനും പ്രമാണങ്ങള്‍ തിരിച്ചു നല്‍കാനും ഉചിതമായ നടപടി കൈക്കൊള്ളുമോ ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>ഭരണ സമിതിപിരിച്ച് വിടപ്പെട്ട സഹകരണ സ്ഥാപനങ്ങൾ</u>

540 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് ഏതെല്ലാം ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക സഹകരണ സംഘങ്ങൾ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, അർബൻ സഹകരണ ബാങ്കുകൾ തുടങ്ങി ഏതെല്ലാം മേഖലയിലെ ഏതെല്ലാം സഹകരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതികൾ പിരിച്ച് വിടുകയുണ്ടായി ;

(ബി) ഭരണസമിതി പിരിച്ച് വിടപ്പെട്ട സഹകരണ സ്ഥാപനങ്ങളുടെ ലിസ്റ്റ് ജില്ലാടിസ്ഥാനത്തിൽ വെളിപ്പെടുത്താമോ ;

(സി) പിരിച്ച് വിടലിന് ശേഷം അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയോഗിച്ച സംഘങ്ങൾ ഏതൊക്കെയാണ് ;

(ഡി) അഡ്മിനിസ്ട്രേറ്ററോ, അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയോ പുതുതായി അംഗങ്ങളെ ചേർക്കുകയുണ്ടായോ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

സഹകരണ ബാങ്ക് തെരഞ്ഞെടുപ്പ്

541 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും**
**മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കൊടുവള്ളി സഹകരണ ബാങ്ക് തെരഞ്ഞെടുപ്പ് നിർത്തിവെച്ചകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ പ്രസ്തുത തെരഞ്ഞെടുപ്പ് തുടർന്ന് നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) തെരഞ്ഞെടുപ്പ് നീട്ടികൊണ്ടുപോവുന്നതിന് തെരഞ്ഞെടുപ്പ് കമ്മീഷൻ ശ്രമിക്കുന്നതായി ആക്ഷേപം ഉന്നയിച്ച് മെമ്പർമാർ ഹൈക്കോടതിയെ സമീപിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത കേസിലെ വിധിയെന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) വിധിക്കെതിരെ തെരഞ്ഞെടുപ്പ് കമ്മീഷൻ അപ്പീൽ പോവാനുള്ള കാരണമെന്തെന്ന് പരിശോധിച്ചിട്ടുണ്ടോ;

(എഫ്) തെരഞ്ഞെടുപ്പ് കമ്മീഷന്റെ നടപടികൾ നിഷ്പക്ഷമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 11.12.2012-ലെ മറുപടിക്ക്

ക്രാരിയേലി സർവ്വീസ് സഹകരണ ബാങ്ക് ഭരണസമിതി തെരഞ്ഞെടുപ്പ്

542 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്രാരിയേലി സർവ്വീസ് സഹകരണ ബാങ്ക് ഭരണസമിതി തെരഞ്ഞെടുപ്പ്, കാലാവധി പൂർത്തിയായ ശേഷം സമയബന്ധിതമായി പുതിയ ഭരണസമിതി അധികാരത്തിൽ വരത്തക്കവിധം, നടക്കാതിരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) തെരഞ്ഞെടുപ്പ് തീയതി നിശ്ചയിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) നിശ്ചിതസമയത്ത് തെരഞ്ഞെടുപ്പ് നടത്തുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഡി) തെരഞ്ഞെടുപ്പ് നടത്തുവാൻ നിർദ്ദേശിച്ചുള്ള കോടതി ഉത്തരവു നിലവിലുണ്ടോ; പ്രസ്തുത വിധി സർക്കാർ നടപ്പാക്കിയിട്ടുണ്ടോ ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

വയനാട് ജില്ലാ സഹകരണ പരിശീലന കേന്ദ്രത്തിന്റെ പ്രവര്‍ത്തനം

543 ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വയനാട് ജില്ലാ സഹകരണ പരിശീലന കേന്ദ്രത്തിന്റെ പ്രവര്‍ത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ ;

(ബി) സഹകരണ പരിശീലന കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യങ്ങള്‍ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികള്‍ നടപ്പാക്കുമെന്ന് വിശദമാക്കുമോ ;

(സി) ജില്ലാ സഹകരണ പരിശീലന കേന്ദ്രത്തിന്റെ പ്രവര്‍ത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 11.12.2012-ലെ മറുപടിക്ക്

<u>കേരള കോ-ഓപ്പറേറ്റീവ് ഓംബുഡ്സ്മാൻ</u>

544 ശ്രീ. പി.കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള കോ-ഓപ്പറേറ്റീവ് ഓംബുഡ്സ്മാൻ ഫലപ്രദമായി പ്രവർത്തിക്കുന്നതിന് സർക്കാർ എന്തെല്ലാം സൗകര്യങ്ങളാണ് ലഭ്യമാക്കിയിരിക്കുന്നത് ;

(ബി) ഓംബുഡ്സ്മാൻ ആവശ്യപ്പെട്ട സൗകര്യങ്ങൾ എല്ലാം ലഭ്യമാക്കിയിട്ടുണ്ടോ;

(സി) എല്ലാ സൗകര്യങ്ങളും ലഭ്യമാക്കിക്കൊണ്ട് ഫലപ്രദമായി പ്രവർത്തിക്കാനുള്ള സാഹചര്യം സൃഷ്ടിക്കുമോ ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>സഹകരണ ഓഡിറ്റിംഗ്</u>

545 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളുടെ ഓഡിറ്റിംഗ് സഹകരണ വകുപ്പിൽ നിന്നും മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്തെ സഹകരണ ഓഡിറ്റ് വിംഗ് ശക്തിപ്പെടുത്തുന്നതിനും ഓഡിറ്റർമാരുടെ യോഗ്യത വർദ്ധിപ്പിക്കുന്നതിന് ഇൻസർവ്വീസ് കോഴ്സുകൾ നടത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

തിരുവനന്തപുരം സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും സ്വർണ്ണം കടത്തിയ സംഭവം

546 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും സ്വർണ്ണം നിയമവിരുദ്ധമായി കടത്തിയ സംഭവം സംബന്ധിച്ച് സഹകരണ വകുപ്പിന്റെ വിജിലൻസ് വിഭാഗം അന്വേഷണം നടത്തുകയുണ്ടായോ ;

(ബി) ബാങ്കിൽ പണയംവെച്ച എത്ര സ്വർണ്ണാഭരങ്ങൾ കടത്തി കൊണ്ടുപോയതായിട്ടാണ് അന്വേഷണത്തിൽ തെളിഞ്ഞിട്ടുള്ളത് ; ഭരണസമിതിയിലെയും ജീവനക്കാരിലെയും ആരുടെയെല്ലാം അറിവോട് കൂടിയാണ് സ്വർണ്ണക്കടത്ത് നടന്നിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

(സി) ലോക്കറുകളിൽ സൂക്ഷിച്ച സ്വർണ്ണാഭരണങ്ങൾ അവിടെ നിന്നും കടത്തുന്നതിന് ഗൂഢാലോചന നടത്തിയവരുടെയും സ്വർണ്ണം കടത്തികൊണ്ടുപോയവരുടെയും സംഭവവുമായി ബന്ധപ്പെട്ട എല്ലാവരുടെയും പേരിൽ നടപടികൾ സ്വീകരിക്കുകയുണ്ടായോ ;

(ഡി) സഹകരണ രജിസ്ട്രാർ ഈ സംഭവം സംബന്ധിച്ച് നിയമാനുസരണം ഇൻസ്പെക്ഷനും, എൻക്വയറിയും നടത്തുകയുണ്ടായോ ; സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കാമോ ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>സഹകരണ നിയമം ഭേദഗതി</u>

547 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സഹകരണ നിയമത്തിന് അനുസൃതമായി കേരളത്തിൽ സഹകരണ നിയമം ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) കേരളത്തിൽ പ്രസ്തുത നിയമം ഭേദഗതി ചെയ്യുകയാണെങ്കിൽ സഹകരണ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളും ശമ്പളപരിഷ്കരണവും നിശ്ചയിക്കുന്നതിനുള്ള നിലവിലെ സമ്പ്രദായം തന്നെ തുടരുമോ ; ഇല്ലെങ്കിൽ വിശദാംശം നൽകുമോ ; ഇക്കാര്യത്തിൽ സർക്കാരിന്റെ നയം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

കാര്‍ഷിക ഗ്രാമവികസന ബാങ്കിന്റെ പ്രവര്‍ത്തനങ്ങള്‍

548 ശ്രീ. തേറമ്പില്‍ രാമകൃഷ്ണന്‍
ശ്രീ. ഷാഫി പറമ്പില്‍
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
ശ്രീ. ഐ. സി. ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന സഹകരണ കാര്‍ഷിക ഗ്രാമവികസന ബാങ്ക് ഈ സാമ്പത്തിക വര്‍ഷം എന്തെല്ലാം പ്രവര്‍ത്തനങ്ങളാണ് നടത്താന്‍ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ ;

(ബി) നടപ്പു സാമ്പത്തികവര്‍ഷം എത്ര കോടി രൂപയുടെ വായ്പ നല്‍കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(സി) കാര്‍ഷികാനുബന്ധ പ്രവര്‍ത്തനങ്ങള്‍ക്കും ഗ്രാമീണ വ്യവസായങ്ങള്‍ക്കും എത്ര കോടി രൂപയാണ് വായ്പ നല്‍കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>കാര്‍ഷിക ഗ്രാമ വികസന ബാങ്കുകള്‍ മുഖേന പുതിയ സംരംഭങ്ങള്‍</u>

549 ശ്രീ. സി. പി. മുഹമ്മദ്
,, പാലോട് രവി
,, സണ്ണി ജോസഫ്
,, പി. എ. മാധവന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് കാര്‍ഷിക ഗ്രാമവിസനബാങ്കുകള്‍ മുഖേന പുതിയ സംരംഭങ്ങള്‍ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇവയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവര്‍ത്തന രീതിയും എന്താണ് ; വിശദാംശങ്ങള്‍ ലഭ്യമാക്കുമോ;

(സി) ഇത്തരം സംരംഭങ്ങള്‍ക്ക് ദീര്‍ഘകാല സംരംഭകവായ്പ നല്‍കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) ഏതെല്ലാം ഉദ്പാദന മേഖലകളിലാണ് പുതിയ സംരംഭങ്ങള്‍ക്ക് വായപ നല്‍കുന്നത് വിശദമാക്കുമോ?

# കേരള നിയമസഭ
# 11.12.2012-ലെ മറുപടിക്ക്

## സഹകരണ മേഖലയിൽ ആധുനിക ബാങ്കിംഗ് സൗകര്യം

550 ശ്രീ. കെ. മുരളീധരൻ
,, വി.ഡി. സതീശൻ
,, റ്റി. എൻ. പ്രതാപൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ ആധുനിക ബാങ്കിംഗ് സൗകര്യം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ആധുനിക ബാങ്കിംഗ് സംവിധാനങ്ങളാണ് ഏർപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുള്ളത്;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>അർബൻ സഹകരണ ബാങ്കുകളെ പിരിച്ച് വിടാൻ നിർദ്ദേശം</u>

551 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും**
**മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഷ്ടത്തിൽ പ്രവർത്തിക്കുന്ന അർബൻ സഹകരണ ബാങ്കുകൾ ഏതെല്ലാമാണ്;

(ബി) സംസ്ഥാനത്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്ന അർബൻ സഹകരണ ബാങ്കുകളെ പിരിച്ച് വിടാൻ റിസർവ്വ് ബാങ്ക് സഹകരണ രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) റിസർവ്വ് ബാങ്ക് നിർദ്ദേശത്തെ തുടർന്ന് രജിസ്ട്രാർ എന്തു നടപടി സ്വീകരിച്ചു ; വിശദമാക്കുമോ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

ഖാദി വ്യവസായ നവീകരണം

552 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഖാദി വ്യവസായം നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് നിയമിച്ച ഗോപിനാഥൻ നായർ കമ്മിറ്റി റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത റിപ്പോർട്ട് പ്രകാരം വ്യവസായം നവീകരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

ഇൻകം സപ്പോർട്ട് സ്കീം

553 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 വർഷത്തിൽ ഇൻകം സപ്പോർട്ട് സ്കീം പ്രകാരം ഖാദി വ്യവസായത്തിന് എത്ര തുക ലഭിച്ചിട്ടുണ്ട് ;

(ബി) ഇതുപ്രകാരം എന്തു തുക തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്; വിശദമാക്കാമോ ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>വിളപ്പിൽശാലയിലെ മാലിന്യസംസ്കരണ ഫാക്ടറി</u>

554 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭയുടെ കീഴിലുള്ള വിളപ്പിൽശാലയിലെ മാലിന്യ സംസ്കരണ ഫാക്ടറി അടച്ചുപൂട്ടുവാൻ സംസ്ഥാന മലിനീകരണ നിയന്ത്രണ വകുപ്പോ, ബോർഡോ നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയോടുകൂടിയാണോ പ്രസ്തുത ഫാക്ടറി പ്രവർത്തിച്ചുകൊണ്ടിരുന്നത്;

(ഡി) എങ്കിൽ പ്രസ്തുത അനുമതി സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>ശാസ്താംകോട്ട ശുദ്ധജലതടാകത്തിലെ മലിനീകരണം</u>

555 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശാസ്താംകോട്ട ശുദ്ധജലതടാകത്തിലെ മലിനീകരണം തടയുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡ് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ വിശദമാക്കുമോ ;

(ബി) തടാക മലിനീകരണം നിർമ്മാർജ്ജനം ചെയ്യുന്നതിന് ബോർഡ് കഴിഞ്ഞ സാമ്പത്തിക വർഷം എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) മലിനീകരണം തടയുന്നതുമായി ബന്ധപ്പെട്ട് ബോർഡ് കഴിഞ്ഞ വർഷം എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ഏതെങ്കിലും തരത്തിലുള്ള നഷ്ടപരിഹാരം ഈടാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

ഇ-വേസ്റ്റുകൾ അലക്ഷ്യമായി കൈകാര്യം ചെയ്യുന്നത്

556 ശ്രീ. കെ. അച്ചുതൻ
,, വി. റ്റി. ബൽറാം
,, എ. റ്റി. ജോർജ്
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് - ഇ - വേസ്റ്റുകൾ വർദ്ധിക്കുന്നതും അവ അലക്ഷ്യമായി കൈകാര്യം ചെയ്യുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവ ഒഴിവാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(സി) ഇ-വേസ്റ്റുകൾ വരുത്തുന്ന സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഇവ കൈകാര്യം ചെയ്യാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>മലിനീകരിക്കപ്പെട്ട നീർത്തടങ്ങൾ സംരക്ഷിക്കാൻ നടപടി</u>

557 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏറെ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുന്ന തരത്തിൽ നീർത്തടങ്ങൾ മലിനപ്പെട്ട് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നീർത്തടങ്ങൾ സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>പേരാമ്പ്രയിലേയും കനകമലയിലേയും ഖാദി യൂണിറ്റുകൾ</u>

558 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചാലക്കുടി മണ്ഡലത്തിൽപ്പെട്ട പേരാമ്പ്രയിലേയും കനകമലയിലെയും ഖാദി യൂണിറ്റുകൾ നവീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ ?